**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ- ഇ.പി.എഫ്. പെൻഷൻ ലഭിച്ചുവരുന്നവർക്ക് അനുവദിച്ചു വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ തുക വർദ്ധിപ്പിച്ചുകൊണ്ടും, എക്സ്ഗ്രേഷ്യാ/ എൻ.പി.എസ്.പെൻഷൻ ലഭിയ്ക്കുന്നവർക്ക് പുതുതായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ- ബി) വകുപ്പ്**

സ.ഉ. (എം.എസ്) നം. 1/2021/ധന. തീയതി, തിരുവനന്തപുരം 04/01/2021

---

പരാമർശം:- 1. സ.ഉ.(എം.എസ്.)നം. 93/2019/ധന. തീയതി 21/02/2019.
2. സ.ഉ.(എം.എസ്.)നം. 97/2020/ധന. തീയതി 23/09/2020.

**<u>ഉത്തരവ്</u>**

പ്രതിമാസം 2000/- രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും, എന്നാൽ പ്രതിമാസം 2000/- രൂപയ്ക്കു മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇ.പി.എഫ്.പെൻഷന്റെ പരിധി വർദ്ധിപ്പിക്കണമെന്നും കൂടാതെ എക്സ്ഗ്രേഷ്യാ/ എൻ.പി.എസ്.പെൻഷൻ ലഭിയ്ക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കണമെന്നും അപേക്ഷിച്ച് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിയ്ക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരാവാകുന്നു.

1. പ്രതിമാസം 4000/- രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. എന്നാൽ പ്രതിമാസം 4000/- രൂപയ്ക്കു മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ
2. പ്രതിമാസം 4000/- രൂപ വരെ എക്സ്ഗ്രേഷ്യ പെൻഷൻ/ എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി ഏതെങ്കിലും ഒരു

സാമൂഹ്യ സുരക്ഷാ പെൻഷൻ / ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

3. പ്രതിമാസം 4000/- രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിയ്ക്കുന്നവരുടെ കാര്യത്തിൽ ഇ.പി.എഫ്. പെൻഷൻ ലഭിയ്ക്കുന്ന ബാങ്ക് പാസ്സ് ബുക്കോ മറ്റ് ബന്ധപ്പെട്ട രേഖകളോ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമേ ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിയ്ക്കപ്പെടുന്നുള്ളൂ എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ/ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവുമാർ ഉറപ്പ് വരുത്തേണ്ടതും പ്രസ്തുത പാസ്സ് ബുക്കിന്റെ/ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് സേവന സോഫ്റ്റ്-വെയറിൽ അപ്-ലോഡ് ചെയ്യേണ്ടതുമാണ്.

4. മേൽ ഉത്തരവ് നടപ്പാക്കുന്നതിനായി സേവന സോഫ്റ്റ്-വെയറിൽ അവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ-നെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(നം.878985/എസ്.എഫ്.സി ബി2/2018/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ/ സീനിയർ ഗ്രേഡ് അസിസ്റ്റന്റ്